പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4127 — 18/10/2011-ൽ മറുപടിക്ക്

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാർ

ചോദ്യം — മറുപടി

ശ്രീ.ഇ.പി.ജയരാജൻ — ശ്രീ.എ.പി അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളാണുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂരഹിതരായി 41,417 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത് |
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കുമോ; | (ബി) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തുന്നതിന് ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 3 സെന്റ് ഭൂമിയും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒന്നര സെന്റ് ഭൂമിയും അനുവദിച്ചു വരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ ചുവടെ ചേർക്കുന്നു.<br>1. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങുന്ന കുടുംബം.<br>2. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അവിവാഹിതരായ മക്കളും അടങ്ങുന്ന കുടുംബം.<br>3. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും (ഭാര്യാ ഭർത്താക്കളിൽ ഒരാൾ മരണമടയുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്യശേഷം) അവരുടെ അവിവാഹിതരായ മക്കളുമായി താമസിക്കുന്ന കുടുംബം.<br>4. സർക്കാരിന്റെയോ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയോ അധീനതയിലുള്ളതും പതിച്ചു കിട്ടാൻ സാധ്യതയില്ലാത്തതുമായ റോഡ് |

| | | | |
|---|---|---|---|
| | | | പുറംമ്പോക്ക്,തോടിൻെറയും ആറ്റിൻെറ-യും കരയോട് ചേർന്ന പുറംമ്പോക്ക്, റയിൽവേ പുറംമ്പോക്ക് തുടങ്ങിയ നാല് സെൻേറാ അതിൽ കുറവോ ഉള്ള ഭൂമിയിൽ താമസിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള കുടുംബങ്ങൾ. |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിൻെറ മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കുമോ? | (സി) | 1. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചു വരുന്നു.<br>2. പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബ്ബല വിഭാഗക്കാരായ നായാടി, വേടൻ, ചക്ളിയൻ/അരുന്ധതിയാർ, വേട്ടുവൻ തുടങ്ങിയ ദുർബ്ബല വിഭാഗങ്ങൾക്ക് പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.<br>ഗുണഭോക്താവ് 323 ച.അടി വിസ്തീർണ്ണമുള്ള ഒരു ഹാൾ, ഒരു മുറി, അടുക്കള എന്നിവയോടു കൂടിയ ടെറസ് വീടാണ് നിർമ്മിയ്ക്കേണ്ടത്. രണ്ടു വാതിൽ നിർബന്ധമായും ഉണ്ടായിരിക്കണം. കക്കൂസിൻെറ പണിയും വീടിനോപ്പം പൂർത്തിയാക്കിയിരിക്കണം.<br>3. പലിശരഹിത ഭവനനിർമ്മാണ വായ്പാ പദ്ധതി വരുമാനത്തിൻെറ അടിസ്ഥാ-നത്തിൽ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു. 30,000/- രൂപവരെ വരുമാന-മുള്ളവർക്ക് 75,000/-രൂപ വരെയും 30,000/- മുതൽ 50,000/- രൂപവരെ വരുമാനമുള്ളവർക്ക് ഒരു ലക്ഷം രൂപവരെയും വായ്പ അനുവദിക്കുന്നു. 240 പ്രതിമാസ ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്. |

സെക്ഷൻ ഓഫീസർ